ഭരണഭാഷ - മാതൃഭാഷ

കേരള സർക്കാർ

വനിത ശിശു വികസന വകുപ്പ്

നമ്പർ : ICDS/KPBA/ADDL/551/2022

ശിശുവികസനപദ്ധതി ഓഫീസറുടെ കാര്യാലയം,
കൂത്തുപറമ്പ അഡീഷണൽ ഐ സി ഡി എസ്
പാറാട്, തുവക്കുന്ന് പി ഒ, കണ്ണൂർ. 670693
ഫോൺ : 0490 2 463442
ഇമെയിൽ . icdsktbaaddl@gmail.com
തീയതി : 30.07.2022

# കരാർ വാഹനം - ടെൻഡർ നോട്ടീസ്

കൂത്തുപറമ്പ അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസറുടെ കാര്യാലയത്തിലേക്ക് 2022 സെപ്തംബർ മുതൽ 2023 ഓഗസ്റ്റ് മാസം വരെ വാഹനം വാടകയ്ക്കെടുത്ത് ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി വനിത ശിശു വികസന ഡയറക്ടറുടെ 5.4.2022 ലെ DWCD/123/2022-D1, 3.7.2022 ലെ DWCD/2627/2022-D1 എന്നീ പരിപത്രം പ്രകാരം ഏഴ് വർഷത്തിൽ താഴെ പഴക്കമുള്ള ടാക്സി പെർമിറ്റുള്ള വാഹന ഉടമകളിൽ നിന്നും മുദ്രവെച്ച ടെൻഡർ ക്ഷണിക്കുന്നു.

നിരക്ക് 800 കി മി വരെ പരമാവധി 20000 രൂപ വരെ (ഇരുപതിനായിരം രൂപ വരെ)

ഇന്ധനചെലവ്, വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ, ഡ്രൈവറുടെ ശമ്പളം, ടാക്സ്, ഇൻഷ്വറൻസ് തുടങ്ങിയ എല്ലാ ചെലവുകളും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്. വകുപ്പ് വാടക മാത്രം നൽകുന്നതാണ്. വാഹനത്തിനും ഡ്രൈവർക്കും നിയമം അനുശാസിക്കുന്ന എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതാണ്.

| | |
|---|---|
| ടെണ്ടർ ഫോറത്തിന്റെ വില | 500 രൂപ |
| ടെണ്ടർ ഫോറം വിൽപ്പന അവസാനിക്കുന്ന തീയതിയും സമയവും സ്ഥലവും | 16.8.2022 ന് ഉച്ചയ്ക്ക് 2 മണി വരെ കൂത്തുപറമ്പ അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസറുടെ കാര്യാലയം, പാറാട്. |
| പൂരിപ്പിച്ച ടെണ്ടർ ഫോറം സ്വീകരിക്കുന്ന തീയതിയും സമയവും സ്ഥലവും | 16.8.2022 ന് ഉച്ചയ്ക്ക് 4 മണി വരെ കൂത്തുപറമ്പ അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസറുടെ കാര്യാലയം, പാറാട്. |
| ടെണ്ടർ തുറക്കുന്ന തീയതിയും സമയവും സ്ഥലവും | 16.8.2022 ന് ഉച്ചയ്ക്ക് 4.30 മണി കൂത്തുപറമ്പ അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസറുടെ കാര്യാലയം, പാറാട്. |
| അടങ്കൽ തുക | 2,40,000 രൂപ |
| ഇ എം ഡി | 1 ശതമാനം |

മറുപുറം

വാടകയ്ക്ക് തരാൻ സമ്മതിച്ചിരക്കുന്ന വാഹനം ഏതെങ്കിലും അടിയന്തിര സാഹചര്യം മൂലം നൽകാൻ കഴിയാതെ വന്നാൽ കരാറുകാരൻ തന്നെ പകരം വാഹനം ഏർപ്പാടാക്കേണ്ടതാണ്. കൂടാതെ ഔദ്യോഗിക ഡ്യൂട്ടി കഴിയുന്നതുവരെ വാഹനം ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. കരാറുകാരൻ 200 രൂപയുടെ മുദ്രപത്രത്തിൽ വാഹനനിബന്ധനകൾ സംബന്ധിച്ച് എഗ്രിമെന്റ് വെക്കേണ്ടതാണ്

16.8.2022 ന് ഏതെങ്കിലും കാരണവശാൽ അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിവസം ടെണ്ടർ സംബന്ധിച്ച നടപടികൾ പൂർത്തിയാക്കുന്നതാണ്. ടെണ്ടർ ഫോറം സമർപ്പിച്ചവരിൽ പങ്കെടുക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. ടെൻഡർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് പാറാട് സിറ്റി കോംപ്ലക്സിൽ പ്രവർത്തിക്കുന്ന കൂത്തുപറമ്പ അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസറുടെ കാര്യാലയത്തിൽ നിന്നും 16.8.2022 വരെയുള്ള എല്ലാ പ്രവൃത്തിദിവസങ്ങളിലും രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ ലഭിക്കുന്നതാണ്. ടെണ്ടർ കവറിന് പുറത്ത് "ഐ സി ഡി എസ് കൂത്തുപറമ്പ അഡീഷണൽ, കരാർവാഹന ടെണ്ടർ" എന്ന് രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടർ നടപടികൾ സംബന്ധിച്ച് ബഹുമാനപ്പെട്ട വനിത ശിശു വികസന ഡയറക്ടറുടെയോ കൂത്തുപറമ്പ അഡീഷണൽ ശിശുവികസന പദ്ധതി ഓഫീസറുടെയോ തീരുമാനങ്ങൾ അന്തിമമായിരിക്കും.

വിശ്വസ്തതയോടെ

Preetha P.A

ശിശുവികസന പദ്ധതി ഓഫീസർ
കൂത്തുപറമ്പ അഡീഷണൽ

ശിശുവികസന പദ്ധതി ഓഫീസർ
കൂത്തുപറമ്പ അഡീഷണൽ ഐ.സി.ഡി.എസ്
തൂവക്കുന്ന് പി.ഒ. പാറാട്

ഐ.സി.ഡി.എസ്. കൂത്തുപറമ്പ അഡീഷണൽ
തൂവക്കുന്ന് പി.ഒ.
തീയ്യതി..........